VIII നിയമനിർമ്മാണകാര്യം

2004-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

IX ക്രമപ്രശ്നം

(2) എറാറ്റ സർക്കുലേറ്റ് ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, ഫിനാൻസ് ബില്ലിനോടൊപ്പം ഒരു eratta നമുക്ക് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. സെയിൽസ് ടാക്സ് നിയമം ഭേദഗതി ചെയ്ത് ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങൾക്ക് ടാക്സ് എട്ട് ശതമാനമെന്നുള്ളത് 12 ശതമാനമാക്കിയാണ് ഫിനാൻസ് ബിൽ ഇവിടെ അവതരിപ്പിച്ചത്. ആ ഫിനാൻസ് ബില്ലിൽ വീണ്ടും ഭേദഗതി വരുത്തി എട്ട് ശതമാനമാക്കുകയാണ്. അപ്പോൾ അത് ഭേദഗതിയായിട്ടുതന്നെ ഇവിടെ അവതരിപ്പിക്കണം. കറക്ഷൻ എന്നുള്ള രൂപത്തിൽ അവതരിപ്പിച്ചത് നിയമവിരുദ്ധമാണ്. ഇവിടെ നിയമ വകുപ്പുമന്ത്രിയുണ്ട്, ശ്രീ. ടി. എം. ജേക്കബ് ഉണ്ട്, ധനകാര്യ വകുപ്പുമന്ത്രിയുണ്ട്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് പറ്റിയ പിശക് തിരുത്തണമെന്നതാണ് എന്റെ ക്രമപ്രശ്നത്തിന്റെ ഉള്ളടക്കം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ശ്രീ. എ. കെ ബാലൻ പറഞ്ഞത് ഒരു പ്രിന്റിംഗ് മിസ്റ്റേക്ക് സംഭവിച്ചതാണ്. അത് അംഗീകരിക്കുന്നു. ഇതിൽ ഇപ്പോഴും 12 ശതമാനം തന്നെയാണ് ടാക്സ്. ടാക്സിൽ മാറ്റം വരുത്തിയിട്ടില്ല. എട്ട് ശതമാനമല്ല. അത് തിരുത്തിയിട്ടുണ്ട്. അത് ശുദ്ധിപത്രത്തിലും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് 12 ശതമാനം തന്നെയാണ് ടാക്സ്. അതൊരു തെറ്റു പറ്റിയതാണ്. eratta-യിലുള്ള തെറ്റല്ല.....(ബഹളം).....printing mistake ആണ്. Against item No.1 or serial No. 54, for the figure (8) in column (4), the figure '12' shall be substituted;

ശ്രീ. എ. കെ. ബാലൻ: eratta-ത്തിൽ മാറ്റം വരുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഞാൻ പറയാം. (b) In sub-clause (18) of clause 3, in sub-item (e) of Item (i), for "figure in column (4)" read "figure '8' in column (4)" ; eratta-യിൽ പറഞ്ഞിരിക്കുന്നത് ഇതിൽ തെറ്റു പറ്റിയതാണ്. 12 ശതമാനം തന്നെയാണ് ടാക്സ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ സർക്കുലേറ്റ് ചെയ്ത eratta പിൻവലിക്കുകയാണെന്ന് പറയണ്ടേ?

ശ്രീ. കെ. ശങ്കരനാരായണൻ: ഇപ്പോൾ 12 ശതമാനം തന്നെയാണ് ടാക്സ്. ഇതൊരു മിസ്റ്റേക്ക് വന്നതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, For the clause in column 4 അതിനകത്ത് 8 എന്നുള്ളത് പ്രിന്റ് ചെയ്തിരുന്നില്ല 8 in column എന്ന് പറയണം. ടാക്സിനെ സംബന്ധിച്ചുള്ളതല്ല എട്ട്. ടാക്സിനെ സംബന്ധിച്ചുള്ളത് 12-ആണ്.

(3) 19-7-2004-ൽ ധനകാര്യവകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വച്ച സ്റ്റേറ്റ്മെന്റ് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : സർ, നിയമസഭാ ചട്ടം 236(3) പ്രകാരം ധനാഭ്യർത്ഥനകളുടെ സ്ക്രൂട്ടിണി നടത്താനാണ് സബ്ജക്ട് കമ്മിറ്റികൾ. ആ സബ്ജക്ട് കമ്മിറ്റി സ്ക്രൂട്ടിണി നടത്തി റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞാൽ ഇതിനകത്തുള്ള ശുപാർശകൾ നടപ്പിലാക്കുന്നതും നടപ്പിലാക്കാത്തതും വ്യക്തമായി ഈ സഭയെ ധരിപ്പിക്കണമെന്നുണ്ട്. അപ്രകാരമുള്ള ശുപാർശകൾ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള കാരണവും അറിയിക്കേണ്ടതാണ്. അപ്രകാരമുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ഉപക്ഷേപം മന്ത്രി അവതരിപ്പിച്ചാലുടൻ തന്നെ അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഇന്നലെ വിതരണം ചെയ്യേണ്ടിയിരുന്ന 'മന്ത്രിയുടെ പ്രസ്താവന' ഇന്നാണ് കിട്ടിയത്. ഇന്നലെത്തന്നെ ചെയ്യേണ്ടിയിരുന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ ചെയ്തില്ല. ഇത് ചട്ട വിരുദ്ധമാണ്. ഇതിന് അങ്ങ് വ്യക്തമായ റൂളിംഗ് നൽകണം. മന്ത്രിമാർ തന്നെ ചട്ടം ലംഘിക്കാൻ തുടങ്ങിയാൽ എങ്ങനെയാണ്? അതുകൊണ്ട് അങ്ങ് വ്യക്തമായ റൂളിംഗ് നൽകണം.

മി. ഡെ. സ്പീക്കർ : ഇന്നലെ സഭ പിരിയുന്നതിനു മുൻപ് മേശപ്പുറത്തു വച്ച സ്റ്റേറ്റുമെന്റിനേക്കുറിച്ചാണ് അങ്ങ് പറയുന്നത്. അത് വൈകുന്നേരം കവറിൽ തന്നിരുന്നു. ആ കാര്യത്തിൽ എന്തെങ്കിലും അനാദരവ് കാട്ടിയതായി ചെയർ കരുതുന്നില്ല.

നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. ടി. പി. രാമകൃഷ്ണൻ: 2004-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-7-2004 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: 2004-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.